"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/940/2023-C1 തീയതി: 26-06-2023

**സർക്കുലർ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - National Service Scheme (NSS) സർട്ടിഫിക്കറ്റുള്ള അപേക്ഷകർക്ക് ഐടിഐ പ്രവേശനത്തിന് ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് ലഭിച്ചത് - 2023 അഡ്മിഷൻ മുതൽ ഗ്രേസ് മാർക്ക് പരിഗണിക്കുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 19.06.2023 ലെ സ.ഉ.(സാധാ) നം.748/2023/LBR നമ്പരായ സർക്കാർ ഉത്തരവ്

**********

National Service Scheme (NSS) സർട്ടിഫിക്കറ്റ് നേടിയവർക്ക് ഐടിഐ പ്രവേശനത്തിനുള്ള ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ 10 മാർക്ക് ഗ്രേസ് മാർക്ക് ആയി അനുവദിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചു തുടങ്ങിയതിനാൽ ജാലകം പോർട്ടലിൽ ഇതുമായി ബന്ധപ്പെട്ട അപ്ഡേഷൻ വരുത്തുന്നതിന് സാങ്കേതിക തടസ്സമുണ്ട്. ആയതിനാൽ ഇപ്രാവശ്യം ഐ.ടി.ഐ കളിലെ വെരിഫിക്കേഷൻ സമയത്ത് NSS സർട്ടിഫിക്കറ്റുള്ളവരിൽ നിന്നും മാന്വലായി വിവരങ്ങൾ ശേഖരിക്കേണ്ടതും ടി വിവരം ഐടിഐകളിൽ സൂക്ഷിക്കേണ്ടതുമാണ്. അപേക്ഷകന്റെ NSS സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി ഐടിഐകളിൽ സൂക്ഷിക്കേണ്ടതാണ്. വെരിഫിക്കേഷൻ അവസാനിക്കുന്ന ദിവസം ഇത്തരത്തിലുള്ള അപേക്ഷകരുടെ ലിസ്റ്റ് എല്ലാ ഐ.ടി.ഐ കളിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിലേക്കായി C സെക്ഷനിലേക്ക് നിർബന്ധമായും നൽകേണ്ടതാണ്. ഇപ്രകാരം ഐടിഐകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് ഗ്രേസ് മാർക്ക് അനുവദിച്ച് ഐ.ടി. സെല്ലിലേക്ക് അറിയിപ്പ് നൽകുന്നതാണ്. ഐ.ടി സെൽ പുറപ്പെടുവിക്കുന്ന മാസ്റ്റർ ലിസ്റ്റിനോടൊപ്പം NSS-ൽ ഗ്രേസ് മാർക്ക് അനുവദിച്ചവരുടെ ലിസ്റ്റ് പ്രത്യേകം പുറപ്പെടുവിക്കുന്നതുമാണ്. ടി ലിസ്റ്റിൽ നിന്നുള്ള ഗ്രേസ് മാർക്ക് കൂടി പരിഗണിച്ച് ഐ.ടി.ഐകളിൽ അഡ്മിഷന് വേണ്ടി റാങ്ക് ലിസ്റ്റ്/സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയത് പോലെ NSS പരിശീലനം

പൂർത്തിയാക്കുന്നവർക്ക്, ബന്ധപ്പെട്ട വകുപ്പിന്റെ മേലധികാരിയും, വകുപ്പ് NSS കോ-ഓർഡിനേറ്ററും, സ്ഥാപന മേധാവിയും ഒപ്പ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റാണ് നൽകുന്നത്. വെരിഫിക്കേഷൻ സമയത്ത് ആയത് പരിഗണിച്ച് വേണം ലിസ്റ്റ് തയാറാക്കേണ്ടതും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിലേക്കായി ശുപാർശ നൽകേണ്ടതുമെന്ന് അറിയിക്കുന്നു .

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ് :- എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാരും

പകർപ്പ് :- ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും (അറിവിലേക്കായി)